പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.675 | 8-3-2012 ൽ മറുപടിയ്ക്ക് |
|---|---|

## മേലടി, തിരുവങ്ങൂർ സി.എച്ച്.സി.കളിലെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

(എ) കൊയിലാണ്ടി മണ്ഡലത്തിലെ സി. എച്ച്. സി. ആയി അപ്ഗ്രേഡ് ചെയ്തിട്ടുള്ള മേലടി, തിരുവങ്ങൂർ എന്നീ സി. എച്ച്. സി.കളിൽ അപ്ഗ്രഡേഷൻ അനുസരിച്ച് ഉണ്ടാകേണ്ട സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ; ഇതനുസരിച്ച് ഈ സി. എച്ച്. സി. കളിൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തസ്തിക അനുവദിക്കുവാൻ തടസ്സമുള്ള ഘടകമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സി. എച്ച്. സി.കളിൽ തസ്തിക അനുവദിക്കുവാൻ എന്ത് നടപടികൾ ഉടനെ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം തന്നെ തസ്തിക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ)യും, (ബി)യും, (സി)യും

06.11.2008 ലെ ജി.ഒ.(കയ്യെഴുത്ത്)നം. 568/2008/ ആ.കു.വ. ഉത്തരവുപ്രകാരം സി.എച്ച്.സി. കളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|
| 1. ഡോക്ടർ | - 7 (5 സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ) |
| 2. സ്റ്റാഫ് നേഴ്സ് | - 12 |
| 3. ഫാർമസിസ്റ്റ് | - 2 |
| 4. ലാബ്ടെക്നീഷ്യൻ | - 2 |
| 5. ഹെൽത്ത് സൂപ്പർവൈസർ | - 1 |
| 6. ലേഡി ഹെൽത്ത് സൂപ്പർവൈസർ | - 1 |
| 7. ജെ.പി.എച്ച്.എൻ | - 2 |
| 8. റേഡിയോഗ്രാഫർ | - 1 |
| 9. ഒഫ്താൽമിക് അസിസ്റ്റന്റ് | - 1 |
| 10. സെക്യൂരിറ്റി | - 1 |

സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പ്രസ്തുത സി.എച്ച്.സികളിൽ തസ്തിക അനുവദിച്ചിട്ടില്ല. മേലടി സി.എച്ച്.സി.യിലേക്കായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രികളിലേക്കായി തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ചശേഷം മാത്രമേ ആവശ്യമെങ്കിൽ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ